**പതിനാലാം കേരള നിയമസഭ**
പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2708 07.12.2018-ലെ മറുപടിക്ക്**

**<u>മണലൂർ മണ്ഡലത്തിലെ പട്ടിക ജാതി കോളനിയിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ പട്ടിക ജാതി കോളനികളിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മണലൂർ മണ്ഡലത്തിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. മണലൂർ മണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന ചൂണ്ടൽ ഹിൽ കോളനിയെ 2012-13 വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതാണ്. ടി കോളനിയിലെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്.<br>2. മണലൂർ ബ്ലോക്കിലെ മധുക്കര എസ്.സി.കോളനിയെ 2016-17 അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കിണർ പുനരുദ്ധാരണം, വായനശാല, 26 വീടുകളുടെ നവീകരണം എന്നിവ പൂർത്തീകരിച്ചു. മറ്റ് വർക്കുകൾ പുരോഗമിക്കുന്നു.<br>3. മണലൂർ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം പെരുമല കോളനിയിൽ കമ്യൂണിറ്റി ഹാൾ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിയ്ക്കേണ്ടത് ദേവസ്വം ഭൂമിയിലാണ്. ഭൂമി വിട്ടുതരാൻ ദേവസ്വം ബോർഡ് തയ്യാറാവാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | 2017-18 വർഷം മണലൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | ഇല്ല |

സെക്ഷൻ ഓഫീസർ